ICDS-B1

010531

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യക്ഷേമ വകുപ്പ്- ഐസിഡിഎസ്- പട്ടണക്കാട് ഗ്രാമ പഞ്ചായത്തിൽ നിന്നും കോടംതുരുത്ത് ഗ്രാമ പഞ്ചായത്തിലെ മുട്ടത്തിൽ കോളനി പ്രദേശത്തേയ്ക്ക് അംഗൻവാടി മാറ്റി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യക്ഷേമ (ബി) വകുപ്പ്

സ.ഉ (സാധാ) നം.102/2012/സാക്ഷേവ തീയതി, തിരുവനന്തപുരം, 22.02.2012.

---

16/4/12

പരാമർശം : 1) 17.08.2010-ലെ സ.ഉ (എം.എസ്) നം.56/10/സാക്ഷേവ.
2) സാമൂഹ്യക്ഷേമ ഡയറക്ടറുടെ 07.01.2012 ലെ ഐസിഡിഎസ്/ബി1-40289/10 നമ്പർ കത്ത്.

## ഉത്തരവ്

മൂന്നാംഘട്ട ഐസിഡിഎസ് വികസനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് 718 അംഗൻവാടി കേന്ദ്രങ്ങളും 129 മിനി അംഗൻവാടി കേന്ദ്രങ്ങളും പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അനുമതി പരാമർശം (1)-ലെ ഉത്തരവ് പ്രകാരം നൽകുകയുണ്ടായി. അതിൽ പട്ടണക്കാട് ഐസിഡിഎസ് പ്രോജക്ടിലെ അരൂർ, എഴുപുന്ന, പട്ടണക്കാട്, വയലാർ എന്നീ 4 ഗ്രാമപഞ്ചായത്തുകളിലെ ഓരോ അംഗൻവാടി കേന്ദ്രങ്ങൾ ഉൾപ്പെടുന്നു.

2. പട്ടണക്കാട് ഐസിഡിഎസ് പ്രോജക്ടിൻ കീഴിലുള്ള അരൂർ, എഴുപുന്ന, വയലാർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ അനുവദിച്ച പുതിയ അംഗൻവാടികളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും പട്ടണക്കാട് ഗ്രാമപഞ്ചായത്തിൽ പുതുതായി അംഗൻവാടി തുടങ്ങേണ്ടതില്ല എന്നും അതിനുപകരം കോടംതുരുത്ത് ഗ്രാമപഞ്ചായത്തിലെ 12-ാം വാർഡിൽ മുട്ടത്തിൽ പട്ടികജാതി കോളനിയിൽ ഒരു അംഗൻവാടി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ തീരുമാനം പട്ടണക്കാട് സിഡിപിഒ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും പരാമർശം (2)-ലെ കത്ത് പ്രകാരം അറിയിച്ചു. 650 ജനസംഖ്യയുള്ള പ്രസ്തുത പ്രദേശത്തുള്ള 10 പ്രീ-സ്ക്കൂൾ കുട്ടികൾ, 40 കൗമാരക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 6 മാസത്തിനും മൂന്ന് വയസ്സിനുമിടയിലുള്ള കുട്ടികൾ എന്നിവർക്ക് നിലവിൽ അംഗൻവാടി മുഖേനയുള്ള സേവനം ലഭിക്കുന്നില്ല. മുട്ടത്തിൽ പട്ടികജാതി കോളനിയിൽ നിന്നും 52, 53 നമ്പർ അംഗൻവാടികളിലേയ്ക്ക് 2.5 കിലോമീറ്റർ ദൂരമുണ്ട്. പൊതുവേ സാമ്പത്തികമായി താഴെത്തട്ടിലുള്ള മത്സ്യത്തൊഴിലാളികളും കർഷകത്തൊഴിലാളികളും താമസിക്കുന്ന സ്ഥലമാണ് മുട്ടത്തിൽ പട്ടികജാതി കോളനി. ഈ സാഹചര്യത്തിൽ പട്ടണക്കാട് ഗ്രാമപഞ്ചായത്തിലെ 9-ാം വാർഡിൽ പുതുതായി അനുവദിച്ച അംഗൻവാടി കോടംതുരുത്ത് ഗ്രാമപഞ്ചായത്തിലെ മുട്ടത്തിൽ കോളനി പ്രദേശത്തേയ്ക്ക് മാറ്റി അനുവദിയ്ക്കണമെന്ന് സാമൂഹ്യക്ഷേമ ഡയറക്ടറും ശുപാർശ ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പട്ടണക്കാട് ഗ്രാമപഞ്ചായത്തിലെ 9-ാം വാർഡിൽ അനുവദിച്ച അംഗൻവാടി കോടംതുരുത്ത് ഗ്രാമപഞ്ചായത്തിലെ മുട്ടത്തിൽ കോളനി പ്രദേശത്തേയ്ക്ക് മാറ്റി അനുവദിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
വി.എസ്. ഗോവിന്ദൻ നമ്പൂതിരി
അഡീഷണൽ സെക്രട്ടറി

സാമൂഹ്യക്ഷേമ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
കരുതൽ ഫയൽ, ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ